بسم الله الرحمن الرحيم

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ

# JAMAAT UL SAHIH AL ISLAM

## METHOD OF INITIATION

**ജമാ അതു സ്സഹീഹിൽ ഇസ്ലാം അഥവാ ഇസ്ലാമിലെ ശരിയായ സംഘത്തിൽ എങ്ങനെ പ്രവേശനം നേടാം ? :-**

**ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി, അല്ലാഹുവിന്റെ ഖലീഫയായ (Promised Messiah), മുജദ്ദിദായ (Reformer) ഹസ്‌റത്ത് അമീറുൽ മുഅ്മിനീൻ മുഹയിദ്ദീൻ മുനീർ അഹ്മദ് ആസിമുമായി ഒരു സത്യ പ്രതിജ്ഞ ചെയ്യേതായിട്ട്. നമ്മുടെ പ്രിയങ്കരനായ പരിശുദ്ധ പ്രവാചകൻ മുഹമ്മദുനബി സല്ലാല്ലാഹു അലൈഹിസ്സല്ലമയുടേയും, കഴിഞ്ഞ് നൂറ്റാിലെ ( 14 –ാം നൂറ്റ്) വാഗ്ദത്ത മഹ്ദിയും മസീഹും ജമാഅത്ത് അഹ്മദിയ്യായുടെ സ്ഥാപകരുമായ ഹസ്രത്ത് മിർസാഗുലാം അഹ്മദ് അലൈഹിസ്സലാമിന്റേയും അദ്ധ്യാപനങ്ങളെ തുടർന്നും പ്രചരിപ്പിക്കുന്നതിനായും, ജനങ്ങളെ അല്ലാഹുവിലേക്ക് ആകർഷിക്കുന്നതിനുവേിയും അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെടുത്തിരുക്കുന്നു എന്ന് അംഗീകരിക്കേതാണ്. ഹസ്‌റത്ത് മിർസാ ഗുലാം അഹ്മദ് അലൈഹിസ്സലാം എഴുതിയ സത്യ പ്രതിജ്ഞയിൽ ആദ്യത്തെ ഒൻപത് എണ്ണവും അതേ നിലയിൽ തുടരുന്നതും പത്താമത്തെ വ്യവസ്ഥ ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് മാറ്റം വരുത്തിയിട്ടുള്ളതുമാകുന്നു.**

**ഈ നൂറ്റാിലെ ( പതിനഞ്ചാം നൂറ്റ്) വാഗ്ദത്ത മസീഹിനെ വ്യക്തിപരമായി നേരിട്ടു ബന്ധപ്പെടാൻ കഴിയാത്തവർ പ്രവേശന അപേക്ഷാഫാറം പൂരിപ്പിച്ച് അയക്കേതാണ്. സത്യ പ്രതിജ്ഞ (ബൈ – അത്ത്) ആദ്യം നന്നായി വായിച്ച് ഗ്രഹിക്കുകയും പരിപൂർണ്ണമായും അവ അംഗീകരിക്കുകയും ചെയ്യേതാണ്. ഓരോകുടുംബത്തിന്റേയും നാഥൻ, പ്രവേശന അപേക്ഷാ ഫാറം പൂരിപ്പിച്ച് മൗറീഷ്യസ്സിലെ ജമാ അത്ത് ആസ്ഥാനത്തിലേക്ക് നേരിട്ടോ അല്ലെങ്കിൽ സ്ഥലം ജമാഅത്ത് പ്രസിഡന്റ് മുഖേനയോ അയക്കേതാണ്.**

**അയക്കേ വിലാസം.:-**

| | |
|---|---|
| **ജനറൽ പി.ഒ ബോക്സ് 599** | **GENERAL P.O BOX 599** |
| **പോർട്ട് ലൂയിസ്, മൗറീഷ്യസ്** | **PORT LOUIS, MAURITIUS.** |

**ഇതോടൊപ്പം ഞങ്ങൾ നിങ്ങൾക്ക് സമർപ്പിക്കുന്നു.**

**1. സത്യ പ്രതിജ്ഞയുടെ ( ബൈഅത്തിന്റെ) നിബന്ധനകൾ**
**( ഹസ്‌റത്ത് മീർസാ ഗുലാം അഹ്മദ് (അ) സമർപ്പിച്ചത്)**

**2. ബൈ അത്തിന്റെ വിശേഷാൽ വിശദീകരണം.**

**3. ബൈ അത്ത് അംഗീകരിക്കുന്നതിനുള്ള അപേക്ഷാ ഫാറം**

بسم الله الرحمن الرحيم



*IN THE NAME OF ALLAH, THE MOST GRACIOUS, THE EVER MERCIFUL*

# JAMAAT UL SAHIH AL ISLAM

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ അവനെ (അല്ലാഹുവിനെ) സ്തുതിക്കുന്നു. ബഹുമാന്യ പ്രവാചകൻ മുഹമ്മദ് (സ. അ) ന്റെ മേൽ സ്വലാത്ത് ചൊല്ലുന്നു.

## THE CONDITION OF BAI'AH (INITIATION)

*(Drafted by Hazrath Mirza Ghulam Ahmad (AS) 1835 -- 1908)*

ജമാ അത്ത് സ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുന്നതിനുള്ള പത്ത് നിബന്ധനകൾ

**ഹസ്രത്ത് മിർസാഗുലാം അഹ്മദ് അലൈഹിസ്സലാം ( 1835 -- 1908) തയ്യാറാക്കിയ ബൈഅത്തിന്റെ ഒൻപത് നിബന്ധനകളും കാലോചിതം മാറ്റിയ പത്താമത്തെ നിബന്ധനയും)**

1. സത്യപ്രതിജ്ഞ ചെയ്യാൻ ആഗ്രഹിക്കുന്ന ആൾ ജീവാവസാനംവരെ സൃഷ്ടി പൂജയിൽ നിന്നു വിട്ടു നിൽക്കുന്നതാണെന്ന് ദൃഢ പ്രതിജ്ഞ ചെയ്യേതാണ്.

2. കളവ്, പരപുരുഷ ഗമനം/ പരസ്ത്രീ ഗമനം, ദുർനോട്ടം എല്ലാ വിധത്തിലും ഉള്ള ദുഷ് കർമ്മങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, ക്രമസമാധാനലംഘനമുാക്കൽ, രാജ്യദ്രോഹം, ഇവയിൽനിന്നു വിട്ടുനിൽക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് വശംവദനാകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റേയും അല്ലാഹുവിന്റെ ദൂതൻ മുഹമ്മദു നബി (സ) യുടേയും കൽപ്പനകൾ അനുസരിച്ചു അഞ്ചുനേര നമസ്കാരങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതും രാവിന്റെ അവസാന യാമങ്ങളിൽ നിർവ്വഹിക്കേ അനുബന്ധപ്രാർത്ഥനയായ തഹജ്ജുദ് നമസ്ക്കാരം സാദ്ധ്യമാകുന്നിടത്തോളം നിർവ്വഹിക്കുന്നതും, നബി(സ) യുടെ മേൽ സ്വാലത്തും സലാമും ചൊല്ലുന്നതും, ദിവസവും തന്റെ തെറ്റുകൾക്ക് മാപ്പിരക്കുന്നതുമാകുന്നു. അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആത്മാർത്ഥമായ സ്നേഹവായ്പ്പോടെ സ്മരിച്ചുകൊിരിക്കുന്നതും ദൈവസ്മരണയും സ്തോത്രവും നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾ നിയന്ത്രിക്കുന്നതും അല്ലാഹുവിന്റെ സൃഷ്ടികൾക്ക് പൊതുവായും മുസ്ലീംകൾക്ക് പ്രത്യേകിച്ചും നാവുകൊോ കൈകൊോ മറ്റു പ്രകാരത്തിലോ യാതൊരു ക്ലേശവും ഉാക്കുന്നതല്ല.

5. സന്തോഷ സന്താപവേളകളിലും സുഖദുഖങ്ങളിലും അനുഗ്രഹ– വിപത്ഘട്ടങ്ങളിലും മറ്റെല്ലാ അവസ്ഥകളിലും അല്ലാഹുവിനോട് വിശ്വസ്തത പുലർത്തുന്നതും അല്ലാഹുവിന്റെ ഹിതത്തിൽ സംതൃപ്തനായിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാ വിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കും എന്തു തന്നെ വിപത്തുനേരിട്ടാലും പിന്തിരിയാതെ മുന്നോട്ടു പോകുന്നതാണ്.

6. ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കും വിശുദ്ധഖുർആന്റെ എല്ലാ കൽപ്പനകളും പിൻതുടരുന്നതാണെന്നു സമ്മതിക്കുന്നു.ദൈവ വചനങ്ങളും പ്രവാചക വചനങ്ങളും തന്റെ ജീവിത വഴികാട്ടിയായി അംഗീകരിക്കുന്നു.

7. ദുരഹങ്കാരവും ഗർവ്വും പൂർണ്ണമായും ഒഴിവാക്കും നാട്യ രഹിത ദിനങ്ങൾ വിനീതവും സംസ്കാരപൂർണ്ണവുമായ ജീവിതം ശാന്തവും ലളിതവുമായ പ്രകൃതം

8. ജീവൻ, ധനം , മാനം, സന്തതികൾ മറ്റെല്ലാപ്രിയപ്പെട്ടതിനേക്കാളും ദീനിനും ദീനിന്റെ അന്തസ്സിനും ഇസ്ലാമിക ക്ഷേമത്തിനും പ്രാധാന്യം കൽപ്പിക്കുന്നതാണ്.

9. ദൈവ സ്നേഹത്താൻ ദൈവസൃഷ്ടികളോട് അനുകമ്പയോടെ വർത്തിക്കുന്നതാണ്. ദൈവം നൽകിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മാനവരാശിക്ക് ഉപകാരങ്ങൾ ചെയ്യുന്നതാണ്.

10. അല്ലാഹുവിന്റെ സ്നേഹത്തിനായി ഈ നൂറ്റാിലെ മസീഹിന് ലഭിക്കുന്ന ദൈവീക മാർഗ്ഗദർശനമനുസരിച്ച് ഇസ്ലാമിലെ എല്ലാ നല്ല കാര്യങ്ങളിലും അനുസരണം പുലർത്താമെന്ന വ്യവസ്ഥയിൽ ഭൗതികമോ, താത്ക്കാലികമൊ, കുടുംബപരമോ സേവക യജമാന ഭാവങ്ങളിലോ പെടാത്ത ഒരു സാഹോദര്യബന്ധം ഈ വിനീതനു ( മുജദ്ദിദ് വാഗ്ദത്ത മസീഹ്, ഖലീഫാത്തുല്ലാഹ്, മുഹ്യിദ്ദീൻ, ഹസ്രത്ത് അമീറുൽ മുഅ്മിനീൻ, മുനീർ അഹമദ് ആസിം) മായി പുലർത്തുന്നതും അതു മരണംവരെ നിലനിർത്തി പോരുന്നതുമാണ്. ഇൻഷാഅല്ലാഹ്

## പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ഞങ്ങൾ അവനെ (അല്ലാഹുവിനെ സ്തുതിക്കുന്നു. ബഹുമാന്യ പ്രവാചകന്റെ മേൽ സ്വലാത്തു ചൊല്ലുന്നു.

# JAMAAT UL SAHIH AL ISLAM

## *Additional Explanation on the Bai'ah (Initiation)*

## ജമാഅത്തു സ്സഹീഹിൽ ഇസ്ലാം ബൈഅത്തിന്റെ വിശേഷാൽ വിശദീകരണം

അല്ലാഹുവിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനുവേ കഴിഞ്ഞ നൂറ്റാിലെ വാഗ്ദത്ത മസീഹായ ഹസ്രത്ത് മിർസാഗുലാം അഹ്മദ് അലൈഹിസ്സലാമിന്റേയും നമ്മുടെ പ്രിയങ്കരനായ പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫാ സല്ലല്ലാഹു അലൈഹിവസല്ലമയുടേയും ജോലി തുടർന്നു നടത്തുന്നതിനുവേ1 പരമോന്നതനും പരിശുദ്ധനുമായ അല്ലാഹു എന്നെ അയച്ചിരിക്കുന്നതായി അവൻ (അല്ലാഹു) എന്നെ അറിയിച്ചിരിക്കുന്നു. ഈ നൂറ്റാിലെ മുജദ്ദീദായും ( പരിഷ്കർത്താവ്) വാഗ്ദത്ത മസീഹായും, ഖലീഫത്തുല്ലാ ആയും അല്ലാഹു എന്നെ തെരഞ്ഞെടുക്കുകയും അത് എന്നെ ബോദ്ധ്യപ്പെടുത്തിയിരിക്കുകയുമാണ്.

സത്യം അന്വേഷിക്കുന്ന ഏതൊരു മുസ്ലീമും, അല്ലാഹുമായി നല്ലൊരു ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന: വിശ്വാസത്തിന്റെ പരമാനന്ദം നുകരാൻ കൊതിക്കുന്ന:, അല്ലാഹുവിലേക്ക് നയിക്കുന്ന പാത ആത്മാർത്ഥമായി കാംക്ഷിക്കുന്ന ഏതൊരാളും അല്ലാഹുവിന്റെ വിനീതസേവകനായ ഈ വിനീതനുമായി ഒരു സത്യ പ്രതിജ്ഞ എടുക്കേതായിട്ട് ഇത്തരത്തിലുള്ള ഈ പദ്ധതിയിൽ വ്യാപൃതരാകാൻ ഇഷ്ടപ്പെടുന്നവരെ തീർച്ചയായും അല്ലാഹു ജമാഅത് സ്സഹീഹിൽ ഇസ്ലാമിലേക്ക് നയിക്കുന്നതാണ്. ഇൻഷാ അല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ അവർക്കുവേ പ്രാർത്ഥിക്കുന്നതാണ്. അല്ലാഹുവിന്റെ സഹായത്താൽ അവരുടെ ഭാരങ്ങൾ ലഘൂകരിക്കുന്നതാണ്. **അവർ എടുക്കുന്ന സത്യപ്രതിജ്ഞയിലെ വ്യവസ്ഥകളെല്ലാം അതേപടി അവർ സ്വീകരിച്ചാൽ**.

മനസ്സിലാക്കുക -- ബൈഅത്ത് എന്നാൽ ഒരാത്മീയ പ്രതിജ്ഞയാണ്. -- ഒരു ധാർമ്മിക ഉടമ്പടിയാണ്. ഈ നൂറ്റാിലെ വാഗ്ദത്ത മസീഹും, വാഗ്ദത്ത പരിഷ്കർത്താവുമായ വ്യക്തിയും പുതുതായി ബൈഅത്തുചെയ്തു പ്രവേശിക്കുന്ന വ്യക്തിയും തമ്മിൽ -- നേർമാർഗ്ഗത്തെ സംബന്ധിച്ച് **(Sirathal Musthaqeem)** വിശുദ്ധ ഖുർ ആന്റെ ധർമ്മോപദേശവും നമ്മുടെ പ്രിയപ്പെട്ട വിശുദ്ധ പ്രവാചകൻ മുഹമ്മദ് നബിസല്ലാല്ലാഹു അലൈഹി വസല്ലമയും അതുപൊലെ വാഗ്ദത്ത മസീഹായ മിർസാഗുലാം അഹ്മദ് (അ) യുടേയും അദ്ധ്യാപനങ്ങൾ അനുസരിച്ചുള്ള നേർമാർഗ്ഗം. ഈ ബൈഅത്തിലൂടെ പുതുതായി പ്രവേശിക്കുന്ന വിശ്വാസിയെ ഈ നൂറ്റാിലെ ഖലീഫത്തുല്ലാ, അൽമസീഹ് അൽ മൗഉദ്, അവന്റെ ---ഇസ്ലാഹ്--നുവേ ക്ഷണിക്കുകയാണ് ചെയ്യുന്നത്. ഇസ്ലാഹ് എന്നാൽ ധാർമ്മികവും ആത്മീയവുമായി ശരിയാക്കലാണ്. നമ്മുടെ തെറ്റുകുറ്റങ്ങളെ ശരിയാക്കുക, നമ്മുടെ സ്വഭാവത്തെ സംസ്ക്കരിക്കുക അല്ലാഹുവിന്റെ ഈ വിനീത ദാസന്റെ ഉപദേശത്തിലൂടെയും മാർഗ്ഗദർശനത്തിലൂടെയും.

നിങ്ങൾ ആത്മാർത്ഥതയുള്ളവരാണെങ്കിൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ബോധനങ്ങളും പ്രകാശങ്ങളും നിങ്ങൾക്കു ലഭിക്കുന്നതാണ്. വിശ്വാസിയുടെ ഹൃദയത്തെ അത് പ്രകാശപൂരിതമാക്കും. നേർവഴിയിലേക്കുള്ള മാർഗ്ഗദർശനം ലഭ്യമാവുകയും ചെയ്യും. ഈ നേർവഴിക്കായി നിത്യവും താഴെപറയുന്ന പ്രാർത്ഥനകൾ നിങ്ങൾ ചെയ്തുകൊിരിക്കുക

.

1. അല്ലാഹുവേ എന്റെ പാപങ്ങൾ നീ പൊറുത്തുതരേണമേ, എന്റെ സ്വഭാവത്തെ നന്നാക്കിതീർക്കേണമേ, നല്ല നിലയിലുള്ള ജീവിത വിഭവം നൽകേണമേ, ഉള്ളതുകൊ് തൃപ്തിപ്പെടാനുള്ള കഴിവ് പ്രദാനം ചെയ്യേണമേ. എന്നിൽ നിന്നും നീക്കം ചെയ്ത ദുരാഗ്രഹങ്ങളെ എന്റെ ഹൃദയത്തിൽ നിന്നും അകറ്റി ശുദ്ധീകരിക്കേണമെ. അല്ലാഹുവേ നി എന്റെ പശ്ചാത്താപം സ്വീകരിക്കേണമെ, എന്റെ പാപങ്ങളെ നീ കഴുകി കളയേണമേ , എന്റെ പ്രാർത്ഥനകൾക്ക് നീ ഉത്തരം നൽകേണമേ. എന്റെ വിശാവസത്തെ ശക്തിപ്പെടുത്തേണമെ, എന്റെ വാക്കുകളെ നേരാക്കേണമെ സത്യത്താൽ എന്റെ ഹൃദയത്തെ നയിക്കേണമേ ഹൃദയകോപങ്ങളെ നീ ശമിപ്പിക്കേണമേ .
2. അല്ലാഹുവേ ഞങ്ങൾക്കു പൊറുത്തുതരേണമെ. ഞങ്ങളോട് അനുകമ്പ കാട്ടേണമേ, ഞങ്ങളുടെ നല്ല പ്രവർത്തനങ്ങളെ നീ സ്വീകരിക്കേണമെ. അല്ലാഹുവേ നീ ഞങ്ങൾക്ക് സ്വർഗ്ഗം പ്രദാനം ചെയ്താലും നരകാഗ്നിയിൽ നിന്നും ഞങ്ങളെ നീ സംരക്ഷിക്കേണമെ . ഞങ്ങളുടെ ജീവിതത്തെ പ്രകടനാത്മകതയിൽ നിന്നും നീ സംരക്ഷിക്കേണമെ
3. അല്ലാഹുവേ! ചാഞ്ചല്യരഹിതമായ വിശ്വാസത്തെ നൽകാനായി ഞാൻ കേണപേക്ഷിക്കുന്നു. സത്യപാത പിന്തുടരാനുള്ള ധൈര്യം നൽകിയാലും. നീ നൽകിയതിൽ അഭിമാനിക്കുന്നതിനുള്ള കഴിവ് നൽകിയാലും. നിന്നെ ആരാധിക്കുന്നതിനുള്ള മന: സ്ഥിതി നൽകിയാലും. എന്റെ നാവിനെ സത്യം മാത്രം പറയുന്നതാക്കേണമേ . എന്റെ ഹൃദയത്തെ ആരോഗ്യമുള്ളതാക്കേണമേ . നിനക്കറിയാവുന്ന ചീത്തകാര്യങ്ങളിൽ നിന്നും നീ എന്നെ സംരക്ഷിക്കേണമെ .എന്റെ സ്വഭാവത്തെ നന്നാക്കി തീർക്കേണമേ. നിശ്ചയം നിന്നിൽ നിന്നും ഒന്നും മറഞ്ഞതല്ലല്ലോ.
4. അല്ലാവുവേ നിന്നെ ഭയപ്പെടാനുള്ള കഴിവ് പ്രദാനം ചെയ്താലും ഞങ്ങളുടെയും ഞങ്ങളുടെ പാപങ്ങളുടേയും മദ്ധ്യേ നീ ഒരു പരിചയായിരിക്കേണമെ. സ്വർഗ്ഗത്തിലേക്കു നയിക്കുന്ന അനുസരണം നീ ഞങ്ങൾക്ക് പ്രദാനം ചെയ്യേണമെ . വിപത്തുകളെ ഭയരഹിതമായി നേരിടാനുള്ള ശക്തിയും വിശ്വാസവും പ്രദാനം ചെയ്യേണമെ ഞങ്ങളുടെ ചെവികളെ സംരക്ഷിച്ചാലും , ഞങ്ങളുടെ കണ്ണുകളെ സംരക്ഷിച്ചാലും, ഞങ്ങളെ ജീവിതത്തിലുടനീളം ഞങ്ങളെ സഹായിക്കുന്ന ശാരീരിക ക്ഷമത നൽകിയാലും ഈ താത്ക്കാലിക ജീവിതം ജീവിതത്തിന്റെ അവസാനമല്ലാ എന്നവിശ്വാസം ഞങ്ങളിൽ ഉറപ്പിച്ചു നിർത്തേണമെ ഞങ്ങളുടെ അറിവ് പരിമിതമാണ് , നാഥാ
5. അല്ലാഹുവേ ഞങ്ങൾ പിന്തിരിഞ്ഞുപോകാതിരിക്കാനുള്ള കഴിവ് പ്രദാനം ചെയ്താലും ഞങ്ങളുടെ വിശ്വാസം ദൃഢതരമാക്കിയാലും.
6. അല്ലാഹുവേ എനിക്ക് മാന്യമായ സ്വഭാവവും ഈശ്വരഭക്തിയും വിനയവും നൽകിയാലും മറ്റുള്ളവരെ ആശ്രയിക്കുന്നതിൽനിന്നും നീ എന്നെ മുക്തനാക്കേണമെ.
7. അല്ലാഹുവേ എന്റെ ഒരേ ഒരു ലക്ഷ്യം നീ മാത്രമാണ് : നിന്റെ തൃപ്തിയും --പ്രാർത്ഥന സ്വീകരിച്ചാലും - നാഥാ

**മുനീർ അഹ്മദ് അസീം ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹ് അൽമഊദ്**

بسم الله الرحمن الرحيم   نحمده ونصلي على رسوله الكريم

# JAMAAT UL SAHIH AL ISLAM

## ജമാഅത്തു സ്സഹീഹിൽ ഇസ്ലാം

## FORM OF INITIATION

### ബൈഅത്ത് അംഗീകരിക്കുന്നതിനുള്ള അപേക്ഷ ഫാറം

ആദരണീയരായ ഹസ്രത്ത് ഖലീഫത്തുല്ലാ അൽമസീഹ് അൽ മൗഊദ് അവർകൾക്ക്

السلام عليكم ورحمة الله وبركاته

ഇസ്ലാമിലെ വിശ്വാസപരമായ കാര്യങ്ങളും മുസ്ലീങ്ങളുടെ പൊതുവായ ഉത്തരവാദിത്വങ്ങളും ഹസ്രത്ത് മിർസാ ഗുലാം അഹമദ് അലൈഹിസ്സലാം വിശദീകരിച്ച ബൈഅത്തിന്റെ നിബന്ധനകളും അതേ തുടർന്ന് ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ ഖലീഫത്തുല്ലാഹ് അൽ മസീഹിൽ മൗഊദ് മുനീർ അഹ്മദ് ആസീം നല്കിയ വിശേഷാൽ വിശദീകരണങ്ങളും വായിച്ച് മനസ്സിലാക്കുകയും അവ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നു.

അങ്ങയുടെ ആത്മാർത്ഥ അനുയായികളിൽ ഓരാളായി തീരാൻ അല്ലാഹുവിനോട് എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു. അങ്ങനെയായാൽ അല്ലാഹു എന്നെ അംഗീകരിക്കുമെന്നും അവനിലേക്ക് എത്തിച്ചേരാനുള്ള വഴി അങ്ങയിലൂടെ ലഭ്യമാകുമെന്നും അങ്ങനെ ഞാൻ സജ്ജനങ്ങളിൽ പെട്ടവനായിത്തീരുമെന്നും കരുതുന്നു.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

"ആരാധനയ്ക്ക് അർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു." മുഹമ്മദ് നബി നിശ്ചയമായും അവന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അടിയിൽ ഒപ്പിട്ടിരിക്കുന്ന ഞാൻ ഹസ്രത്ത് ഖലീഫത്തുല്ലാ അൽമസീഹ് അൽ മൗഊദ് മുനീർ അഹ്മദ് ആസിമിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുന്നു.

ഹസ്രത്ത് മുഹമ്മദ് നബീ സല്ലല്ലാഹു അലൈഹിവസല്ലമ ഖാത്തമുന്നബിയ്യീൻ ആണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു ; പ്രഖ്യാപിക്കുന്നു. അതുപോലെ ഹസ്രത്ത് മിർസാ ഗുലാം അഹമദ് അലൈഹിസ്സലാം അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ വാഗ്ദത്ത മസീഹും ഇമാം മഹ്ദീയുമാണെന്നും വിശ്വസിക്കുന്നു. അതുപോലെ ഈ നൂറ്റാണ്ടിലേക്ക് (15-ാം നൂറ്റാണ്ട്) അല്ലാഹു അയച്ച ഖലീഫത്തുല്ലായും വാഗ്ദത്ത മസീഹുമാണ് (ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് ആസീം) എന്നും വിശ്വസിക്കുന്നു ; അംഗീകരിക്കുന്നു.

* എന്റെ എല്ലാ തെറ്റുകളും പൊറുത്തുതരാൻ ഞാൻ അല്ലാഹുവിനോട് യാചിക്കുന്നു. ഭാവിയിൽ എല്ലാ വിധ തെറ്റുകളിൽ നിന്നും സുരക്ഷിതനായിരിക്കാൻ കഴിവതും ശ്രമിക്കുന്നതാണ്.

* ഞാനൊരിക്കലും അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുകയില്ല. ഇസ്ലാം ദീനിന് ഐഹിക കാര്യങ്ങളെക്കാൾ മുൻഗണന നല്കുന്നതാണ്.

* ഇസ്ലാമിന്റെ എല്ലാ കല്പനകളും അനുസരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. ഖുർ ആൻ പഠനം, ഹദീസ് പഠനം, മുഹമ്മദ് നബിയുടെ ചരിത്ര പഠനം, ഹസ്രത്ത് മിർസാ ഗുലാം അഹമദ് അലൈഹിസ്സലാമിന്റെ പുസ്തകങ്ങളുടെ പഠനം ഇവ എന്റെ കഴിവിന്റെ പരമാവധി നടത്തുന്നതാണ്.

* ഈ നൂറ്റാണ്ടിലെ വാഗ്ദത്ത പരിഷ്കർത്താവായ വാഗ്ദത്ത മസീഹ് മൗഊദ്, ഖലീഫത്തുല്ലാഹ്, ഹസ്രത്ത് മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് ആസിമിന്റെ എല്ലാ വാദങ്ങളേയും ഞാൻ അംഗീകരിക്കുന്നു.

* ഇസ്ലാമിനെ പ്രചരിപ്പിക്കൽ എന്റെ പ്രാഥമിക ഉത്തരവാദിത്വമായും ഞാൻ മനസ്സിലാക്കുന്നു. എല്ലാ നല്ല കാര്യത്തിലും ഞാൻ അങ്ങയെ അനുസരിക്കുന്നതാണ്. ദൈവീക വെളിപാടിലൂടെ ഇസ്ലാമിൽ വന്നുകൊണ്ടിരിക്കുന്ന എല്ലാ നല്ലകാര്യങ്ങളും, അത് ഈ നൂറ്റാണ്ടിൽ അങ്ങയിലൂടെ വെളിവാകുകയും ഇസ്ലാമിന്റെ സത്യാവസ്ഥ മനുഷ്യമനസ്സുകളിൽ തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്നു എന്ന സത്യത്തെ അംഗീകരിക്കുന്നു.

أَسْتَغْفِرُ اللّٰهَ رَبِّي مِنْ كُلِّ ذَنْبٍ وَأَتُوبُ إِلَيْهِ. أَسْتَغْفِرُ اللّٰهَ رَبِّي مِنْ كُلِّ ذَنْبٍ وَأَتُوبُ إِلَيْهِ.
أَسْتَغْفِرُ اللّٰهَ رَبِّي مِنْ كُلِّ ذَنْبٍ وَأَتُوبُ إِلَيْهِ

ഞാനെന്റെ രക്ഷിതാവായ അല്ലാഹുവിനോട് എല്ലാ പാപങ്ങളിൽ നിന്നും വിടുതൽ തേടുന്നു. ഞാനവനിലേക്ക് പശ്ചാതപിച്ച് മടങ്ങുന്നു.

رَبِّ إِنِّي ظَلَمْتُ نَفْسِي وَاعْتَرَفْتُ بِذَنْبِي فَاغْفِرْ لِي ذُنُوبِي فَإِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ

എന്റെ നാഥ ഞാനെന്റെ ആത്മാവിനോട് തെറ്റുചെയ്തുപോയിട്ടുണ്ട്. ഞാനെന്റെ തെറ്റുകൾ ഏറ്റുപറയുന്നു. പൊറുത്തുതന്നാലും തമ്പുരാനേ. തെറ്റുകൾ ക്ഷമിക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ലല്ലോ.

# Form of Initiation/പ്രവേശന ഫാറം

## JAMAAT UL SAHIH AL ISLAM/ജമാഅത്തുസ്സഹീഹിൽ ഇസ്ലാം

SURNAME/കുടുംബപ്പേര് : .................................................................. NAME/പേര് : ....................................................

ADDRESS/വിലാസം : ...........................................................................................................................................

.............................................................................................................................................................................

CITY/നഗരം : ..................................................................................

TELEPHONE/ടെലിഫോൺ : ..................................................................................

COUNTRY/രാജ്യം : ..................................................................................................

MEMBERS OF THE FAMILY/കുടുംബാംഗങ്ങൾ :

| | SEX/ലിംഗനിർണ്ണയം M/F /പു/സ്ത്രീ | | SEX/ലിംഗനിർണ്ണയം M/F /പു/സ്ത്രീ |
|---|---|---|---|
| 1.......................................................................... | ☐ | 11.......................................................................... | ☐ |
| 2.......................................................................... | ☐ | 12.......................................................................... | ☐ |
| 3.......................................................................... | ☐ | 13.......................................................................... | ☐ |
| 4.......................................................................... | ☐ | 14.......................................................................... | ☐ |
| 5.......................................................................... | ☐ | 15.......................................................................... | ☐ |
| 6.......................................................................... | ☐ | 16.......................................................................... | ☐ |
| 7.......................................................................... | ☐ | 17.......................................................................... | ☐ |
| 8.......................................................................... | ☐ | 18.......................................................................... | ☐ |
| 9.......................................................................... | ☐ | 19.......................................................................... | ☐ |
| 10.......................................................................... | ☐ | 20.......................................................................... | ☐ |

Signature/ഒപ്പ്

Date of Initiation/ :
പ്രവേശനം ലഭിച്ച തീയതി

Head of the Family/
കുടുംബനാഥൻ

Signature/ഒപ്പ്

President of the Jamaat Ul SahihAl Islam/
പ്രസിഡന്റ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം

Date/തീയതി : ............................................